മെഗാ ഫുഡ് പാർക്ക്, പാലക്കാട്:

കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയത്തിന്റെ മെഗാ ഫുഡ് പാർക്ക് സ്കീമിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ 73 ഏക്കർ സ്ഥലത്ത് ഒരു മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കാൻ പദ്ധതിയുണ്ട്. കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയത്തിൽനിന്നാണ് പ്രസ്തുത പദ്ധതിക്ക് അന്തിമ അനുമതി ലഭിക്കുന്നത്.

ഗ്ലോബൽ ആയുർവേദ വില്ലേജ്:

193 കോടി രൂപ മുതൽമുടക്കുള്ള ഗ്ലോബൽ ആയുർവ്വേദ വില്ലേജ് പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിലാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയ്ക്കായി തിരുവനന്തപുരത്ത് സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

ഇന്റർനാഷണൽ എക്സിബിഷൻ ആന്റ് കൺവെൻഷൻ സെന്റർ:

അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു എക്സിബിഷൻ ആന്റ് കൺവെൻഷൻ സെന്റർ കാക്കനാട് കിൻഫ്രയുടെ കൈവശമുള്ള 10 ഏക്കർ ഭൂമിയിൽ സ്ഥാപിക്കുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്.

വ്യവസായ മേഖലയെ പുനരുദ്ധരിക്കുന്നതിന് നടപടികൾ

158(2359) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖലയെ പുനരുദ്ധരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) കേരളത്തിന്റെ വ്യവസായ ഭൂപടത്തിൽ പാലക്കാടിന്റെ സ്ഥാനം എത്രാമതാണ്;

(സി) ജില്ലയിൽ പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാം; എന്നാണ് അടച്ചുപൂട്ടിയത്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) വ്യവസായ മേഖലയിൽ കേന്ദ്ര നിക്ഷേപം ലഭ്യമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; എത്ര കേന്ദ്ര നിക്ഷേപം ഉണ്ടായി; വിശദാംശം ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വികസനത്തിനുവേണ്ടി വ്യവസായ വാണിജ്യ നയം ഭേദഗതി 2015 അംഗീകരിച്ചു. ഈ നയത്തിലൂടെ നിക്ഷേപകർക്കും സംരംഭകർക്കും വ്യവസായികവികസനവും കൂടുതൽ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടും. വ്യവസായത്തിനുള്ള ഭൂമിയുടെ ലഭ്യത വളരെ പരിമിതമാണ്. പാരിസ്ഥിതിക പ്രശ്നങ്ങളും നിലനിൽക്കുന്നു. വൻകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാരിന് പരിമിതിയുണ്ട്. ആയതിനാൽ പരിസ്ഥിതി സൗഹാർദ്ദ-മലിനീകരണമില്ലാത്ത വ്യാവസായിക മേഖലയെയാണ് സർക്കാർ കൂടുതൽ പ്രോത്സാഹിപ്പിക്കുക. കേരളത്തെ വ്യവസായ നിക്ഷേപക സൗഹൃദ സംസ്ഥാനമായി അവതരിപ്പിക്കുന്നതിനായി എമർജിങ് കേരള സംഗമം സംഘടിപ്പിച്ചു. വ്യവസായ വികസന സാധ്യതകൾക്കും പ്രായോഗികതയ്ക്കും അനുസൃതമായി വ്യവസായ സംരംഭങ്ങളുടെ അഭിവൃദ്ധിക്കായി കേരള ബിസിനസ് ടു ബിസിനസ് മീറ്റ് 2015 ഫെബ്രുവരിയിൽ കൊച്ചിയിൽ സംഘടിപ്പിച്ചു. ഈ മേളയിൽ ഫെഡറേഷൻ ഓഫ് ഇൻഡ്യൻ ചേംബർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രി മുഖാന്തിരം കേരളത്തിനു പുറത്തുനിന്നും 501 ബയർമാർ രജിസ്റ്റർ ചെയ്തു. ഇതിൽ 289 പേരും സ്പോട്ട് രജിസ്ട്രേഷൻവഴി 154 പേരും ചേർത്ത് ആകെ 443 ബയർമാർ മേളയിൽ പങ്കെടുത്തു. അടുത്ത ബിസിനസ് ടു ബിസിനസ് മീറ്റ് 2016 ഫെബ്രുവരിയിൽ സംഘടിപ്പിക്കുന്നതാണ്. സംരംഭകത്വ സഹായ പദ്ധതിവഴി വ്യവസായ സംരംഭങ്ങൾക്ക് സഹായം നൽകിവരുന്നു. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി വ്യവസായ സംഗമം, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം എന്നിവയും നടത്തി. ED Club (Entrepreneurship Development Club)-കൾ വഴി സ്കൂൾ-കോളേജ് തലത്തിലുള്ള വിദ്യാർത്ഥികളിൽ സംരംഭകത്വം വികസിപ്പിക്കുന്നതിനായി ധനസഹായം നൽകി വരുന്നു. വ്യവസായ ക്ലസ്റ്ററുകൾവഴി ചെറുകിട വ്യവസായങ്ങൾക്ക് ധനസഹായവും നൽകിവരുന്നു. ബോധവൽക്കരണ ക്ലാസുകൾ, സംരംഭകത്വ വികസന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, എം.എസ്.എം.ഇ. ഉത്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്, സ്കിൽ ഡവലപ്പ്മെന്റ് പ്രോഗ്രാം, ഊർജ്ജിത വ്യവസായവത്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാതലങ്ങളിൽ നടത്തി വരുന്നു. കേരളത്തിലെ യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയാണ് യുവ സംരംഭക സംഗമം (യെസ്) സംഘടിപ്പിച്ചത്. ഇതിന്റെ രണ്ടാംഘട്ടമായി യെസ് ക്യാൻ 2015-ഉം നടത്തി. വനിതാ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് രൂപംകൊടുത്ത പദ്ധതിയാണ് വി മിഷൻ കേരള. ഇതിന്റെ ഭാഗമായി മലപ്പുറം, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ വനിത സംരംഭകർക്ക് വ്യവസായ മീറ്റിങ്ങുകളും യൂണിറ്റ് സന്ദർശനങ്ങളും സംഘടിപ്പിക്കുകയുണ്ടായി.

(ബി) കേരളത്തിന്റെ വ്യവസായ ഭൂപടത്തിൽ പാലക്കാടിന് നാലാം സ്ഥാനമാണുള്ളത്.

(സി) പാലക്കാട് ജില്ലയിൽ പൂട്ടികിടക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ വിശദാംശം അനുബന്ധം-1* ആയി ചേർക്കുന്നു.

(ഡി) വ്യവസായ മേഖലയിൽ കേന്ദ്ര നിക്ഷേപം ലഭ്യമാക്കുന്നതിനായി സർക്കാർ സമർപ്പിച്ച പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധം 2* ആയി ചേർക്കുന്നു.

കൈത്തറി വ്യവസായ സഹകരണ സംഘങ്ങൾ

159(2360) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ ഏതെല്ലാം കൈത്തറി വ്യവസായ സഹകരണ സംഘങ്ങളാണ് പ്രവർത്തിക്കുന്നതെന്നും സംഘങ്ങളുടെ കഴിഞ്ഞ 3 വർഷത്തെ കണക്കുകൾ എത്രയെന്നും വ്യക്തമാക്കുമോ;

(ബി) കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും പ്രസ്തുത രംഗം മെച്ചപ്പെടുത്താൻ കേന്ദ്ര സർക്കാർ സഹായം ഏതെങ്കിലും ലഭിച്ചിട്ടുണ്ടോ എന്നുമുള്ള വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കൈത്തറി സംഘങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു*. സംഘങ്ങളുടെ കഴിഞ്ഞ 3 വർഷത്തെ കണക്ക് സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈത്തറി സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്:

1. സംഘങ്ങളിലെ നെയ്ത്തുകാരുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി നെയ്ത്തുകാർക്കും മറ്റ് തൊഴിലാളികൾക്കും പ്രചോദന പരിപാടി നടപ്പിലാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly